മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *61

## നീരുറവ് പദ്ധതി

1 (*61) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ജല സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തടാധിഷ്ഠിതമായി നീരുറവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മിക്ക നദികളിലെയും തോടുകളിലെയും ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ ആധിക്യം ഉണ്ടെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ജല ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ജല ഗുണനിലവാര പരിശോധന വിപുലപ്പെടുത്തുന്നതിനും ജല സ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) സംസ്ഥാനത്തെ ഓരോ നീർത്തട പ്രദേശത്തെയും ഓരോ തുണ്ടുഭൂമിയിലും ആവശ്യമായ മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും പ്രാദേശിക ജനവിഭാഗങ്ങളുടെ വലിയ തോതിലുള്ള പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പഠന-ആസൂത്രണ പ്രവർത്തനം നടത്തി ഒരു മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് ജനകീയ നിർവഹണത്തിലേയ്ക്ക് പോകുന്നതിനും ലക്ഷ്യമിട്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും ജലവിഭവ വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നീരുറവ് പദ്ധതി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ചുള്ളാളം നീർത്തടത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു നീർത്തട മണ്ണ്-ജല സംരക്ഷണ പദ്ധതിയായ നീരുറവ് പദ്ധതിയിൽനിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന വ്യാപകമായി ഈ പദ്ധതി

നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം പരിസ്ഥിതി പുനഃസ്ഥാപനത്തിനും കാലാവസ്ഥാമാറ്റമൂലമുണ്ടാകുന്ന ദുരന്ത ലഘൂകരണത്തിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്തുകയെന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും സി.ഡബ്ല്യൂ.ആർ.ഡി.എം (Centre for Water Resources Development and Management) -ന്റെ സഹായത്തോടെ അവിടെ നടന്നുവരുന്ന ജലാഞ്ജലി പദ്ധതിയുമായി കൂട്ടിയോജിപ്പിച്ച് ഇതിനായുള്ള നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികൾ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനാസൂത്രണം നടത്തിവരുന്നു. ജനകീയ ഇടപെടൽ ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ

ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തല സംഘാടക സമിതികൾ രൂപീകരിക്കുകയും നീർത്തട യോഗങ്ങൾ, അയൽക്കൂട്ട യോഗങ്ങൾ, നീർത്തട നടത്തം തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തിവരുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഈ പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിവരുന്നു.

(ബി) സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നു എന്നത് ഉൾക്കൊണ്ട് അവ മാലിന്യ മുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും ജലഗുണനിലവാരം ഒരു പരിധിവരെ മെച്ചപ്പെടുത്തുന്നതിനും ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെ വിവിധ തലങ്ങളിലുള്ള ഇടപെടലുകൾ നടത്തുന്നു. നദികളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും എക്കലും മറ്റ് മാലിന്യങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും നീക്കി വരുന്നു.

ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം, ജല സ്രോതസ്സുകളിൽ നിന്നും, ജല ശുദ്ധീകരണ ശാലകളിൽ നിന്നും, പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നും, വിതരണ ശൃംഖലകളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകൾ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നതുമുതൽ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യ മുക്തമായും, ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. കൂടാതെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് കുടുംബശ്രീ മിഷന്റെ സഹായത്തോടെ പരിശോധന നടത്തിവരുന്നു. 'ഇനി ഞാനൊഴുകട്ടെ' എന്ന പേരിൽ ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ 'ജനകീയ പുഴ വീണ്ടെടുക്കൽ' പ്രവർത്തനങ്ങളിലൂടെ

സംസ്ഥാനത്താകെ നിലവിൽ 10,126 കിലോമീറ്റർ നീർച്ചാലുകൾ ശുചിയാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ പശ്ചിമഘട്ട പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖല വീണ്ടെടുക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ നീർച്ചാലുകളും 'മാപ്പത്തോൺ' പദ്ധതിയിൽ ഉൾപ്പെടുത്തി ജനകീയമായി ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന പ്രവർത്തനം 'കേരള പുനർ നിർമ്മാണ പദ്ധതി'-യുടെ സഹായത്തോടെ നടത്തിവരുന്നു.

(സി) ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും നിലവിലെ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജല സ്രോതസ്സുകളുടെ സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ജനങ്ങൾക്ക് ബോധവത്ക്കരണം നൽകുകയും ചെയ്യുന്നു. ജലസ്രോതസ്സുകളിൽ ഇൻടേക്കിന് സമീപം മാലിന്യം ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി അവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിച്ച്, ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ പര്യാപ്തമായ ഗുണനിലവാരമുണ്ടെന്ന് ഉറപ്പുവരുത്തുന്നു. ജല ഗുണനിലവാര പരിശോധന വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജല അതോറിറ്റിയുടെ കീഴിൽ,

സംസ്ഥാനത്തെ ഗുണനിലവാര പരിശോധനാ ലാബുകളുടെ എണ്ണം 47 -ൽ നിന്നും 85 ആയി ജൽ ജീവൻ മിഷന്റെ സഹായത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ട്.

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ജലഗുണനിലവാര പരിശോധന ഗ്രാമീണ മേഖലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ 28 ഹയർ സെക്കന്ററി സ്കൂളുകളിൽ ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് ലാബുകൾ സജ്ജമാക്കുകയും ജല ഗുണനിലവാര പരിശോധന സംബന്ധിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമീണ മലയോര മേഖലകളിലും ജല ഗുണനിലവാര പരിശോധന വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സഞ്ചരിക്കുന്ന ജല ഗുണനിലവാര ലാബുകൾ സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് വിഹിതം എന്നിവ വിനിയോഗിച്ച് 254 പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഭാഗമായി 166 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇവിടെയുള്ള

അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കി ജലപരിശോധന ആരംഭിച്ചിട്ടുണ്ട്. 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ' സഹായത്തോടെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പെരിയാർ, പമ്പ നദികളുടെ വൃഷ്ടിപ്രദേശത്തെ എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 313 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, ഓരോ വർഷവും പതിനായിരക്കണക്കിന് തീർത്ഥാടകരാണ് ശബരിമലയിൽ എത്തുന്നത്. ശബരിമല മിനി പമ്പയിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ കൂടുതലാണെന്ന് പത്രവാർത്തകളിൽ കണ്ടിരുന്നു. ഇതിൽ എത്രമാത്രം വസ്തുതയുണ്ട്; ഇതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ശബരിമലയിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പതിനായിരക്കണക്കിന് അയ്യപ്പഭക്തർ എത്തിച്ചേരുന്ന സ്ഥലമെന്നതുകൊണ്ടുമാത്രമല്ല, ജലം

ഗുണനിലവാരമുള്ളതാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വാട്ടർ അതോറിറ്റിയുടെ നിലവിലെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ ക്രമീകരണങ്ങളും ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. സന്നിധാനത്തും പരിസരത്തും ശബരിമലയിലുമായി ദേവസ്വം ബോർഡിന്റെ കീഴിൽ മൂന്ന് സംഭരണ ടാങ്കുകളാണുള്ളത്. കുന്നാറിൽ നിന്നുവരുന്ന അരുവിയിലെ ജലം ക്ലോറിനേഷൻ നടത്തി കേരള വാട്ടർ അതോറിറ്റിയുടെ പ്രഷർ ഫിൽട്ടർ രീതിയിലും നീലിമല ബോട്ടം, നീലിമല ടോപ്പ്, അപ്പാച്ചിമേട്, ശരംകുത്തി എന്നിവിടങ്ങളിലെ സംഭരണടാങ്കുകൾ വഴി ഇലക്ട്രോക്ലോറിനേഷൻ മുഖാന്തരം അണുവിമുക്തമാക്കിയാണ് പമ്പയിലും പരിസരത്തും കുടിവെള്ളവിതരണം നടത്തുന്നത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും അവിടെ പ്രത്യേക യോഗം വിളിച്ചുചേർത്തിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പ്രമോദ് നാരായണൻ, ജില്ലാകളക്ടർ, വാട്ടർ അതോറിറ്റിയിലെ ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. അനുദിനം കാര്യങ്ങൾ വിലയിരുത്താനും സാമ്പിളുകളെടുത്ത് ഗുണനിലവാരം ഉറപ്പുവരുത്തുവാനും അവശ്യമായ എല്ലാ നിർദ്ദേശങ്ങളും നല്കി പ്രവൃത്തി

നടപ്പിലാക്കുകയാണ്. വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിലാണ് ദിവസവും ഗുണനിലവാരപരിശോധന നടത്തുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. അത് മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക സെല്ലും രൂപപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. ടി. ജലീൽ</u>: സർ, ജൽജീവൻ പദ്ധതിപ്രകാരം കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാകുകയാണ്. മൊത്തം ജനസംഖ്യയുടെ 20-30% വരെ മാത്രം കുടുംബങ്ങൾക്കും ജനങ്ങൾക്കുമാണ് മുൻകാലങ്ങളിൽ വാട്ടർ അതോറിറ്റി മുഖേന കുടിവെള്ളം ലഭ്യമായിരുന്നത്. ഇനി നൂറ് ശതമാനം കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകുകയാണ്. സ്വാഭാവികമായും ജലവിഭവവകുപ്പിന്റെ യന്ത്രസംവിധാനങ്ങളും അതിനനുസരിച്ച് ശക്തിപ്പെടുത്തണം. അതിനാവശ്യമായ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭാവിയിൽ വലിയ പ്രശ്നങ്ങൾ നേരിടാനുള്ള സാധ്യതയുണ്ടാവില്ലേ; വിശദമാക്കാമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. കേരളത്തിൽ 17 ലക്ഷം

വാട്ടർ അതോറിറ്റി കണക്ഷനുകളാണ് ഉണ്ടായിരുന്നത്. പക്ഷേ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ കേരളത്തിലെ മുഴുവൻ ഗ്രാമീണഭവനങ്ങളിലും കുടിവെള്ളമെത്തുകയെന്ന ലക്ഷ്യം സഫലീകരിക്കുമ്പോൾ ഏകദേശം എഴുപതുലക്ഷത്തി എൺപതിനായിരത്തിലധികം കുടുംബങ്ങളിലേയ്ക്ക് കണക്ഷൻ എത്തിച്ചേർന്നു. നിലവിലുള്ള പദ്ധതി നിർവ്വഹണത്തിന്റെ സാഹചര്യങ്ങൾകൊണ്ടുമാത്രം പ്രവൃത്തി നിറവേറ്റുകയെന്നത് അസാധ്യമാകും. ആയതിനാൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടിവരും. നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം മെയിന്റനൻസും നടത്തിപ്പും സംബന്ധിച്ച ആലോചനകളും ഇതോടൊപ്പം സ്വീകരിക്കണം. ഇത്തരം കാര്യങ്ങളിൽ സാങ്കേതിക വൈദഗ്ധ്യം നേടിയിട്ടുള്ള വാട്ടർ അതോറിറ്റി തന്നെ ഇക്കാര്യങ്ങൾ നിർവ്വഹിക്കുകയാണെങ്കിൽ, അവശ്യമായ ഓഫീസ് സംവിധാനങ്ങളുടേയും ജീവനക്കാരുടേയും ക്രമീകരണം അനിവാര്യമായിത്തീരും. പ്രൊഡക്ഷൻ കോസ്റ്റും, ജലവിതരണം നടത്തുമ്പോഴുണ്ടാകുന്ന നഷ്ടവും വർദ്ധിച്ചുവരാനുള്ള സാധ്യതയാണ് കാണുന്നത്. അതുകൊണ്ട് അവശ്യമായ മാറ്റങ്ങൾ വരുത്തി ജീവനക്കാരെ വിന്യസിക്കുകയും ഓഫീസുകൾ നവീകരിക്കുകയും ചെയ്യണം.

മെയിന്റനൻസ് വിംഗിന്റെ പ്രവർത്തനം റവന്യൂ-ഡിസ്ട്രിക്റ്റ് അടിസ്ഥാനമാക്കിയല്ല എന്നതാണ് പ്രധാന വിഷയം. ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയാണെങ്കിൽ പല ജില്ലകളിൽ നിന്നുള്ള എഞ്ചിനീയർമാർ അവിടെ എത്തിച്ചേരണം. അത് അവരുടെ സമയനഷ്ടത്തിനു കാരണമാകും എന്നതുമാത്രമല്ല കാര്യങ്ങൾ കൃത്യമായും സുഗമമായും മനസ്സിലാക്കാനും ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് റവന്യൂ - ഡിസ്ട്രിക്റ്റ് അടിസ്ഥാനത്തിലോ കഴിയുമെങ്കിൽ നിയമസഭാമണ്ഡലങ്ങളിൽ തന്നെ ഇത്തരം കാര്യങ്ങൾ മോണിറ്റർ ചെയ്യാൻ കഴിയുന്ന രീതിയിലൊരു സംവിധാനം രൂപപ്പെടുത്താൻ കഴിഞ്ഞാൽ നന്നായിരിക്കും. കാര്യങ്ങൾ ഭംഗിയായി കൈകാര്യം ചെയ്യാനുള്ള സാഹചര്യവും മോണിറ്ററിംഗിനുള്ള അവസരവും എം.എൽ.എ.-മാർക്കുണ്ടാകും. അത്തരത്തിലുള്ള കാര്യങ്ങളും ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് വിംഗ് സൗകര്യപ്രദമായ രീതിയിലേയ്ക്കാക്കാനും പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കത്തക്കവിധത്തിൽ മാറ്റം വരുത്താനും നടപടികൾ സ്വീകരിക്കേണ്ടതായി വരും.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, നഗരകേന്ദ്രങ്ങളിലൂടെ ഒഴുകുന്ന ചെറിയ നദീജല സ്രോതസ്സുകളിൽ ഡ്രെയിനേജ് മാലിന്യങ്ങൾ വലിയ രീതിയിൽ അടിയുന്നതിനാൽ കറുത്ത ജലമായി മാറുന്നത് അഭംഗിയായി നഗരപ്രദേശങ്ങളിൽ കാണപ്പെടുന്നത് പ്രധാന പ്രശ്നമാണ്. ശുചീകരണത്തൊഴിലാളികൾ മാൻഹോളുകൾ വൃത്തിയാക്കുന്നതാണ് ഇപ്പോഴുള്ള രീതി. അങ്ങനെ മാൻഹോളിൽ വീണ് അപകടങ്ങളുണ്ടാകുന്നു. ചില വിദേശരാജ്യങ്ങളിൽ റോബോർട്ടിക്സ് ശുചീകരണ സംവിധാനങ്ങൾ വന്നതായി കാണുന്നുണ്ട്. നദികളിൽ തെളിനീരൊഴുകുന്ന നിലയിലേയ്ക്ക് അത്തരം സംവിധാനത്തിലൂടെ ചെയ്തുവെന്ന് വാർത്തകളിൽ കാണാനും സാധിച്ചു. ജലവിഭവ വകുപ്പ് മുൻകയ്യെടുത്താൽ നമ്മുടെ സംസ്ഥാനത്ത് അങ്ങനെയുള്ള റോബോർട്ടിക്സ് ശുചീകരണ സംവിധാനം നഗരകേന്ദ്രങ്ങളിലുമുണ്ടാക്കാൻ കഴിയുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. നമ്മുടെ നഗരപ്രദേശങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലുള്ള ശുദ്ധജല സൗകര്യങ്ങൾ ഇപ്പോഴുണ്ടെന്ന് കേൾക്കുന്നതുതന്നെ ഏറ്റവും മനോഹരമാണ്. ഇത് മറ്റുസ്ഥലങ്ങളിൽ

ലഭ്യമല്ലാത്ത കാര്യമാണ്. പക്ഷേ അത് മലിനമാകുന്നുവെന്നതാണ് ദുഃഖകരമായ കാര്യം. ഹരിതകേരളം മിഷന്റെ ഭാഗമായി രണ്ട് പദ്ധതികൾ ഇതിനോടകം കേരളത്തിൽ നടപ്പിലാക്കി. വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ് അത്തരം പദ്ധതികൾ നടപ്പിലാക്കിയത്. ജനങ്ങളുടെ സഹകരണം നല്ലരീതിയിൽ ലഭിച്ചു. 'നീരുറവ്' പദ്ധതി ജലസംരക്ഷണത്തിനുവേണ്ടി കൊണ്ടുവന്ന പദ്ധതിയാണ്. അതിലൂടെ രണ്ട് തരത്തിലുള്ള ഗുണങ്ങൾ ലഭിച്ചു. ഒന്നാമതായി 'മഹാത്മാഗാന്ധി തൊഴിലുറപ്പ്' പദ്ധതിയിലൂടെ തൊഴിൽ ലഭിക്കാൻ കഴിയത്തക്കവിധത്തിൽ ക്രമീകരിച്ചുവെന്നുള്ളതുകൊണ്ടുതന്നെ വലിയ തോതിൽ ജനങ്ങൾക്ക് അതിന്റെ ഗുണവും ലഭ്യമായി. രണ്ടാമതായി കൊണ്ടുവന്ന 'തെളിനീരൊഴുകും നവകേരളം' പദ്ധതിയിലൂടെ നല്ലരീതിയിലുള്ള റിസൾട്ട് ലഭിച്ചു. എക്കലും ചപ്പുമെല്ലാം അടിഞ്ഞ് കിടന്നിരുന്ന ചെറിയ നീർച്ചാലുകളിൽ സുഗമമായി വെള്ളം ഒഴുകാൻ പാകത്തിന് രൂപപ്പെടുത്തിയപ്പോൾ അത് മെച്ചപ്പെട്ട നിലയിലുള്ള ജലം ഒഴുകുന്ന രീതിയിൽ ക്രമപ്പെടുത്താൻ കഴിഞ്ഞു. അങ്ങനെ കനാലുകളെയും ചെറിയ നീരുറവകളെയും അരുവികളെയുമെല്ലാം നല്ലരീതിയിൽ

കൊണ്ടുപോകാൻ കഴിയത്തക്കവിധത്തിൽ ഒരു ജനകീയ മുന്നേറ്റം ഇത്തരം കാര്യങ്ങളിൽ ആവശ്യമുണ്ട്. ജലസേചന വകുപ്പ് ഇത്തരം കാര്യങ്ങളിൽ നേതൃത്വപരമായ പങ്കാളിത്തം വഹിക്കാം. ആ നിലയിൽ ത്രിതല പഞ്ചായത്തിന്റെയും ഇതര ഡിപ്പാർട്ടുമെന്റിന്റെയും സഹകരണത്തോടുകൂടി ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജലസേചന വകുപ്പിലെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള എഞ്ചിനീയർമാരുടെ സേവനംകൂടി പ്രയോജനപ്പെടുത്തണം. ഇപ്പോൾ ഓരോ നിയമസഭാ മണ്ഡലത്തിനും വാട്ടർ അതോറിറ്റിയുടെ ഒരു എ.എക്സ്.ഇ.-യെ ഇത്തരം കാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലും ഇത്തരത്തിലുള്ള കാര്യങ്ങൾ ആലോചിക്കുന്നതിനും ചെയ്യുന്നതിനും നടപ്പിലാക്കുന്നതിന്റേയും ഭാഗമായി ഓരോ നിയമസഭാ മണ്ഡലത്തിലും ഒരു എ.എക്സ്.ഇ.-യെ ചുമതലപ്പെടുത്തികൊണ്ട് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കാം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, എം.എൽ.എ. ഫണ്ടുപയോഗിച്ചുകൊണ്ട് വട്ടിയൂർക്കാവ് മണ്ഡലത്തിലും രണ്ട് ജലപരിശോധനാ ലാബുകൾ ആരംഭിച്ചിട്ടുണ്ട്. പുഴ വീണ്ടെടുക്കണമെങ്കിൽ

സ്വിവറേജ് മാലിന്യങ്ങൾ നദിയിലേയ്ക്ക് വരുന്നത് ഒഴിവാക്കണം. ഡ്രെയിനേജുകളിലൂടെ കക്കൂസ് മാലിന്യമടക്കം ഒഴുക്കിവിട്ട് നദികളിലേയ്ക്ക് പതിപ്പിക്കുന്ന രീതിയാണ് ഇപ്പോൾ നഗരത്തിലാകമാനം കാണുന്നത്. ഇത് പരിഹരിക്കാനാവശ്യമായൊരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ജനകീയ സമിതികൾ രൂപീകരിച്ച് എസ്.ടി.പി.-കൾ സ്ഥാപിക്കാൻ ആവശ്യം വേണ്ടുന്ന പ്രവർത്തനത്തിന് ജലവിഭവ വകുപ്പ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, തീർച്ചയായും. സ്വിവറേജ് ക്രമപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വളരെ ഗൗരവമായി കാണേണ്ടൊരു ഘട്ടം കഴിഞ്ഞിരിക്കുന്നു. അതിൽ പ്രധാന കേന്ദ്രങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജനമാലിന്യമുള്ള മേഖലയിലേയ്ക്ക് ഇത്തരം കാര്യങ്ങളിലെ പ്രവർത്തന പുരോഗതി കുറച്ചുകൂടി മുന്നോട്ടുകൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ ഭാവിയിൽ വലിയ വിപത്തിനെ നേരിടേണ്ടിവരും. അതിനാവശ്യമായ പദ്ധതികൾ നമുക്ക് രൂപപ്പെടുത്തേണ്ടിവരും. അത് വളരെ ഗൗരവത്തോടെയാണ് കാണുന്നത്. അതിന് എളിയ തലത്തിലുള്ള മാറ്റങ്ങൾ

വരുത്താനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പ്രയോറിറ്റി ചെയ്യുന്നതിലെ പ്രഥമ സ്ഥാനം ഈ മൂന്ന് മേഖലകൾ കേന്ദ്രീകരിച്ച് തുടക്കം കുറിക്കുകയെന്നുള്ള നിലയിലാണ് ഗവൺമെന്റ് ആലോചിച്ചുവരുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, നമ്മുടെ ജലാശയങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ നിരക്ക് വളരെ കൂടുതലാണ്. നഗരങ്ങളിൽ പരിശോധിച്ച് നോക്കിയാൽ ആയിരം മുതൽ ആയിരത്തിയഞ്ഞൂറുവരെയാണ് നിരക്ക് കാണുന്നത്. ഇക്കാര്യം ഗൗരവത്തോടുകൂടി നാം കാണേണ്ടതുണ്ട്. എല്ലാ പ്രദേശങ്ങളിലും കക്കൂസ് മാലിന്യവും അടുക്കള മാലിന്യവും ഭൂമിക്കടിയിൽ കെട്ടികിടക്കുന്ന അവസ്ഥയാണുള്ളത്. അത് പരിഹരിക്കണമെങ്കിൽ സ്വീവറേജ് നടപ്പിലാക്കുകയല്ലാതെ മറ്റൊരു പോംവഴിയില്ല. കോഴിക്കോട് രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ നോക്കുമ്പോൾ അതിനെതിരെ വലിയ സമരവും പ്രശ്നവുമൊക്കെ നടക്കുകയാണ്. അതിനെ പ്രതിപക്ഷം അനുകൂലിക്കുന്നതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മറ്റൊന്ന്, ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തിയ നീരുറവ്, തെളിനീരൊഴുകും

നവകേരളം എന്നീ രണ്ട് പദ്ധതികളിലൂടെ കുറെയൊക്കെ വിജയിക്കാൻ സാധിച്ചുവെന്നത് ഒരു വസ്തുതയാണ്. മൂന്നാമതായി ഇത്തരത്തിലുള്ള എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജനങ്ങളുടെ അറിവില്ലായ്മയാണ് ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം. സ്വീവറേജ് ലൈൻസ് അല്ലെങ്കിൽ പ്ലാന്റുണ്ടാകുമ്പോൾ നമ്മൾ നേരിടേണ്ടി വരുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചത്. ഞാൻ അക്കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഞാൻ സമീപകാലത്ത് അമേരിക്കയിലെ ന്യൂജേഴ്സിയിൽ ഒരു സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സന്ദർശിച്ചു. ഏതാണ്ട് 500 മീറ്റർ, ഒരു കിലോമീറ്ററിനടുത്ത് ന്യൂയോർക്ക് സിറ്റിയാണ്. അവിടെ രണ്ട് സ്റ്റേറ്റിലെ സ്വീവറേജ് മാലിന്യമാണ് കൊണ്ടുവന്ന് സംസ്കരിക്കുന്നത്. അത് അടുത്തഘട്ടത്തിൽ കുടിവെള്ളമാക്കി മാറ്റാമോയെന്ന് ആലോചിക്കുന്ന ഒരു സ്ഥിതി വിശേഷത്തിലേയ്ക്ക് ആധുനിക സംവിധാനം മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് നമ്മൾ ജീവിച്ചുവരുന്നത്. ഇത്തരം തടസ്സങ്ങളും തർക്കങ്ങളും വഴി പ്രയോഗികമായും പ്രദേശികമായും ചില ഗുണങ്ങൾ നമുക്ക്

വേഗത്തിൽ ലഭിക്കും. ചില തർക്കങ്ങൾ ഉന്നയിക്കാമെങ്കിൽപോലും, പൊതുജനത്തെയും സമൂഹത്തെയും പൊതുവായി ബാധിക്കുന്ന ഇത്തരം വിഷയങ്ങളിൽ ജനങ്ങൾക്കാവശ്യമായ അവബോധം കൊടുത്ത് അവരെ സംരക്ഷിക്കുകയെന്നുള്ളതാണ് ആവശ്യം. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഗൗരവപൂർവ്വമായി സഭയുടെതന്നെ മനഃസാക്ഷി ഉണരേണ്ടതായിട്ടുണ്ടെന്ന് തോന്നുന്നു. രണ്ടാമത്തെ ഘട്ടമായ നീരുറവ്, തെളിനീരൊഴുകും കേരളം എന്നീ പദ്ധതികളിലൂടെ വലിയ തോതിലുള്ള മാറ്റം ഈ രംഗത്ത് നമുക്ക് എത്തിക്കാൻ സാധിച്ചു. ഒന്ന്, ജല സംരക്ഷണവും അതോടൊപ്പം ജലത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്താൻ ഈ പദ്ധതി അനിവാര്യമാണെന്ന് കണ്ടാനിടയായി. ഹരിത കേരളം പദ്ധതിലൂടെ ഇറിഗേഷൻ വകുപ്പും മറ്റ് വകുപ്പുകളുമെല്ലാം ഒത്തുചേർന്നുകൊണ്ട് പുതിയൊരു പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. 'ഇനിഞ്ഞാനൊഴുകട്ടെ' എന്ന പദ്ധതി കൊണ്ടുവരണമെന്നാണ് ഇപ്പോൾ നമ്മൾ ആഗ്രഹിക്കുന്നത്. അതിൽ ഏറ്റവും പ്രധനപ്പെട്ടൊരു കാര്യം, അനേകായിരം വർഷങ്ങൾകൊണ്ട് പ്രകൃതിയാൽതന്നെ രൂപപ്പെട്ട നീർച്ചാലുകളുടെ ശൃംഖല അതാതു സ്ഥലങ്ങളിൽ പെയ്തുവീഴുന്ന അധിക ജലത്തെ സുരക്ഷിതമായി ഒഴുക്കി

സമതലങ്ങളിൽ എത്തുന്നതിന് സഹായിച്ചിരുന്നു. എന്നാൽ, പല കാരണങ്ങൾകൊണ്ട് ഇവയിൽ പല നീർച്ചാലുകളും അടഞ്ഞ് സ്വാഭാവിക നിരൊഴുക്ക് തടസ്സപ്പെട്ട അവസ്ഥയിലാണ് എത്തിയിരിക്കുന്നത്. ഇത്തരത്തിൽ സുഗമമായ നീരൊഴുക്ക് നഷ്ടപ്പെട്ട നീർച്ചാലുകൾ പ്രകൃതി ദുരന്തങ്ങൾക്ക് വഴിതുറക്കുകയാണ്. ഉയർന്ന പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും പ്രധാന കാരണങ്ങളിലൊന്ന് നീരൊഴുക്ക് തടസ്സപ്പെട്ട നീർച്ചാലുകളാണ്. സ്വാഭാവികമായും അല്ലാതെയും ഈ പ്രദേശത്ത് പെയ്യുന്ന മഴയുടെ ഒരുഭാഗം മണ്ണിനടിയിലൂടെയും ശേഷിക്കുന്നത് ഉപരിതലത്തിലൂടെയും നീർച്ചാലുകളിലൂടെ ഒഴുകി അരുവിയായി പുഴയിലെത്തിക്കുകയാണ് വേണ്ടത്. എന്നാൽ അടഞ്ഞുപോയ നീർച്ചാലുകൾ ജലനിർഗ്ഗമനം തടസ്സപ്പെടുത്തുകയും അതുവഴി മണ്ണിന് വഹിക്കാൻ കഴിയുന്നതിൽ കൂടുതൽ മഴവെള്ളം ഭൂമിക്കടിയിലേയ്ക്ക് താഴ്ന്ന് പോകാനിടയാകുകയും ചെയ്യുന്നു. പ്രകൃതിക്ക് താങ്ങാവുന്നതിലും അധികം വെള്ളം മണ്ണിനടിയിലേയ്ക്ക് എത്തുകയും അതോടെ മേഖലയിൽ സമ്മർദ്ദം കൂടുകയും ജലാംശവർദ്ധനവുമൂലം മണ്ണിന്റെ ഘടനയിൽ മാറ്റമുണ്ടാകുകയും ചെയ്യുന്നു. തുടർന്ന് ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങുന്ന

വെള്ളം മലനിരകളുടെ ലോലമായ സ്ഥലങ്ങളിൽ വിടവുണ്ടാക്കി അതിലൂടെ മഴവെള്ളപ്പാച്ചിലായി പോകുന്നു. ഇത് തടയണം. പ്രത്യേകിച്ച് മലയോരമേഖലയിലെല്ലാം ഇത് വളരെ പ്രശ്നമാണ്. ഭൂമിയിൽ പെയ്തുവീഴുന്ന വെള്ളം ഒഴുകിപോകുന്നതിനുള്ള ചാലുകൾ അടഞ്ഞുപോകുന്നത് മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുമെന്നുള്ളത് പഠനമില്ലാതെതന്നെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അതിനെ സർവ്വേ നടത്തി കണ്ടെത്തി എല്ലാ മേഖലയിലും സുഗമമായ ഒഴിക്കിന് തടസ്സമില്ലാത്ത അവസ്ഥ സൃഷ്ടിക്കപ്പെടുന്ന ഒരു പ്രവർത്തനം നമുക്ക് രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് ഇനിഞാനൊഴുകട്ടെ എന്ന പദ്ധതിയിലൂടെ നമ്മൾ രൂപകല്പന ചെയ്തിട്ടുള്ളത്. പ്രത്യേകിച്ച് പശ്ചിമഘട്ട മലനിരകളുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ അതിന്റെ പ്രാധാന്യം വർദ്ധിച്ചുവരും. അവിടെയാണ് ഈ തടസ്സങ്ങൾ രൂപപ്പെടുന്നത്. ഇടുക്കി പോലുള്ള പ്രദേശങ്ങളിലെ കാര്യങ്ങൾ എനിക്ക് ബോധ്യമുള്ളതാണ്. അവിടെ ഉരുൾപൊട്ടലെന്ന തെറ്റിദ്ധാരണയാണുള്ളത്. എന്നാൽ അവിടെ മണ്ണിടിച്ചിലാണ്. അധിക ജലം ഭൂമിയിലേയ്ക്ക് താഴുകയും ആ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്ന സന്ദർഭത്തിൽ പാറമേലിരിക്കുന്ന മണ്ണ്

തെന്നിമാറിപോകുന്ന പ്രക്രിയ വരുന്നു. അത് അവിടത്തെ ജനവാസത്തിനും കൃഷിക്കുമെല്ലാം തടസ്സം സൃഷ്ടിക്കുന്നു. അത് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പുതിയ കർമ്മപദ്ധതിയാണ് ഇതിലൂടെ രൂപപ്പെടുത്തിയിട്ടുള്ളത്. അതിൽ കുറച്ചുകൂടി നന്നായി ഇടപെടാൻ കഴിഞ്ഞാൽ, നമ്മുടെ മേഖലയിലെ പ്രകൃതി ദുരന്തങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാനുള്ള സാധ്യതകൾക്ക് വഴി തെളിക്കും. അതുകൊണ്ട് ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഉറപ്പാക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ജലസ്രോതസുകളിൽ പഴക്കംചെന്ന് കാര്യക്ഷമമായി പ്രവർത്തിക്കാത്ത പമ്പ് സെറ്റ് മാറ്റി പുതിയ പമ്പ് സെറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ജില്ലകളിൽ അതിന്റെ നടപടികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പഴയ പമ്പ് സെറ്റുകൾ മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാം. പഴയ പൈപ്പ് ലൈനുകളും പുതുക്കേണ്ടതായുണ്ട്. ക്വാളിറ്റി കൺട്രോളുമായി ബന്ധപ്പെട്ട ലാബുകളെ

സംബന്ധിച്ച്, നിലവിൽ വാട്ടർ അതോറിറ്റിയുടെ 85-ഓളം ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹയർസെക്കണ്ടറി സ്കൂളുകൾ കേന്ദ്രീകരിച്ച് ഭൂജലവകുപ്പിന്റെ 28 ലാബുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നുണ്ട്. എം.എൽ.എ.-മാർ ഫണ്ട് നൽകിയതിലൂടെ പല നിയോജകമണ്ഡലങ്ങളിലും ഹരിത കേരളത്തിന്റെ ഭാഗമായും കേരളത്തിൽ ലാബുകൾ രൂപപ്പെടുത്താൻ സാധിച്ചു. ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. കെമിസ്ട്രി ലാബുകളുള്ള ഹയർസെക്കണ്ടറി സ്കൂളുകളിൽ ഇതിനാവശ്യമായ എല്ലാ പ്രാഥമിക പരിശോധനകളും പൂർണ്ണമായി നടപ്പാക്കാൻ സാധിക്കും. അതിനുവേണ്ട കിറ്റുകളും പരിശോധനക്കാവശ്യമായ പരിശീലനവും ഡിപ്പാർട്ടുമെന്റിൽനിന്ന് നൽകാൻ ശ്രദ്ധിക്കാം. എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിൽക്കൂടി ഇത്തരം കാര്യം ചെയ്താൽ ജല പരിശോധന വേഗത്തിൽ വ്യാപകമായി നടത്തുന്നതിന് സാധിക്കും. ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ സമീപനമാണ് ഗവൺമെന്റിനുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കോളിഫോം ബാക്ടീരിയ ഉണ്ടാക്കുന്ന പ്രതിസന്ധിയാണ് എല്ലാവരും ഇവിടെ ചൂണ്ടിക്കാണിച്ചത്. നമ്മുടെ സംസ്ഥാനത്തെ പല കുടിവെള്ള പദ്ധതികൾക്കും ട്രീറ്റ്മെന്റ് പ്ലാന്റ്

പോലുമില്ലെന്ന വസ്തുതയുണ്ട്. പുതിയ കുടിവെള്ള പദ്ധതികൾക്ക് ട്രീറ്റ്മെന്റ് പ്ലാന്റുണ്ട്. പഴയ കുടിവെള്ള പദ്ധതികൾക്ക് ട്രീറ്റ്മെന്റ് പ്ലാന്റില്ല. ട്രീറ്റ്മെന്റ് പ്ലാന്റില്ലാത്ത കുടിവെള്ള പദ്ധതികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എല്ലാ കുടിവെള്ള പദ്ധതികൾക്കും ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കാനുള്ള പദ്ധതിയുണ്ടാകുമോ? മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുന്തിപ്പുഴ വളരെ ചരിത്ര പ്രസിദ്ധമായ പുഴയാണ്. ഇതിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായതിനാൽ ജല ശുദ്ധീകരണത്തിന് നടപടി സ്വീകരിക്കണം. പ്രളയത്തിൽ മണ്ണ് അടിഞ്ഞ് പുഴ കരയായി മാറിയതുമൂലം സൈഡുകെട്ടി സംരക്ഷിക്കേണ്ടതുണ്ട്. ആയതിനാൽ കുന്തിപ്പുഴ സംരക്ഷിക്കാൻ പ്രത്യേക പദ്ധതി അനുവദിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, കുന്തിപ്പുഴയിൽ കോളിഫോം ബാക്ടീരിയ കൂടുതലായി കാണുന്നുണ്ടെങ്കിൽ ആദ്യഘട്ടത്തിൽത്തന്നെ അത് പരിശോധിക്കാം. മണ്ണ് അടിഞ്ഞ് എക്കലും ചെളിയുമെല്ലാം വന്നിട്ടുണ്ടെങ്കിൽ ഒരു പരിധിവരെ ഇപ്രാവശ്യത്തെ ഓപ്പറേഷനിൽ മാറ്റപ്പെട്ടിട്ടുണ്ടാകാം. ഇല്ലെങ്കിൽ ഈ ഓപ്പറേഷൻ വരും കാലങ്ങളിലും തുടരുന്നുണ്ട്, അതിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യാൻ ശ്രമിക്കാം. വാട്ടർ അതോറിറ്റിയുടെ

പദ്ധതികളെല്ലാം ട്രീറ്റ്മെന്റ് പ്ലാന്റുകളുള്ളവയാണ്. സ്വാഭാവികമായും മണ്ണാർക്കാടുള്ള പദ്ധതികളെല്ലാം വാട്ടർ അതോറിറ്റിയുടെ കണക്ഷനാകാൻ സാദ്ധ്യതയില്ല. അതത് തലങ്ങളിലുള്ള കുടിവെള്ള പദ്ധതികൾ ആരുടെയാണോ അവർ ആർ.ഒ. പ്ലാന്റുകൾ മുഖാന്തരം പരിശോധിച്ച് ക്വാളിറ്റി ഉറപ്പുവരുത്തേണ്ട ചുമതല ഏറ്റെടുക്കേണ്ടതായിവരും. മാത്രമല്ല ചെറിയ പദ്ധതികൾക്ക് മുന്നോട്ടുപോകാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അത്തരം പദ്ധതികൾ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്താവുന്നതാണ്. അപ്പോൾ കേരളത്തിലെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾക്ക് ട്രീറ്റ് ചെയ്ത കുടിവെള്ളം നൽകാൻ സാധിക്കും. ഇതൊക്കെ പഞ്ചായത്തിന്റെ രണ്ട് ലക്ഷത്തിലും എട്ട് ലക്ഷത്തിലുമൊക്കെ തുടങ്ങിയ മൈക്രോ സ്കീമുകളായിരിക്കും. അതിലൊക്കെ ഇപ്പോൾ ഫുഡ് വാൽവ് മാത്രമെ കാണുകയുള്ളൂ, ഗ്രൗണ്ട് വാട്ടർ ലെവൽ താഴ്ന്നുപോയതിനാൽ അതിലൊന്നും ജലം ലഭിക്കാൻ സാദ്ധ്യതയില്ല. അതുകൊണ്ട് മെഗാ സ്കീമുകളിലേയ്ക്ക് മാറിയാൽ ട്രീറ്റ് ചെയ്ത വെള്ളം എല്ലായിടത്തും എത്തിക്കാൻ സാധിക്കും. എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിലെ പദ്ധതികൾ പുനർക്രമീകരിക്കാനാവശ്യമായ മാറ്റങ്ങൾക്ക് ഇപ്പോൾ അവസരം നൽകിയാൽ നടപ്പിലാക്കാൻ എളുപ്പമുണ്ട്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പമ്പ, അച്ചൻകോവിലാർ നവീകരണ പദ്ധതിക്ക് കഴിഞ്ഞ ബഡ്ജറ്റിൽ 75 കോടി രൂപയോളം വകയിരുത്തി. പ്രളയത്തിൽ വലിയ പ്രശ്നങ്ങളുണ്ടായ പത്തനംതിട്ട, ആലപ്പുഴ ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ നവീകരണ പ്രക്രിയ കഴിഞ്ഞ പ്രാവശ്യം ഭാഗികമായിനടന്നു. പക്ഷേ സമ്പൂർണ്ണ നവീകരണ പ്രക്രിയ പ്രഖ്യാപിച്ചുകൊണ്ടാണ് ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതി ഈ സീസണിൽ നടത്താൻ സാധിക്കുമോ; ഇല്ലെങ്കിൽ അടിയന്തരമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പമ്പ, അച്ചൻകോവിലാർ, മണിമലയാർ എന്നീ നദികൾ സംരക്ഷിക്കേണ്ടതുതന്നെയാണ്. അതിനാവശ്യമായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഈ നദികൾ ഒഴികിയെത്തുന്ന തോട്ടപ്പള്ളി സ്പിൽവേയുൾപ്പെടെ കുട്ടനാട്ടിലെ ജലം നിയന്ത്രിക്കുകയെന്നുള്ളതും പ്രധാനപ്പെട്ടൊരു ഘടകമാണ്. തോട്ടപ്പള്ളി സ്പിൽവേയിൽ 1600 ക്യുസെക്സ് ജലം ഡിസ്ചാർജ്ജ് ചെയ്തിരുന്ന സ്ഥലത്ത് 600 ക്യുസെക്സ് ജലം മാത്രമേ ഒഴുകി പോകുമായിരുന്നുള്ളൂ. അതിന്റെ അർത്ഥം 48000 ലിറ്റർ/സെക്കന്റ് പോകുന്ന സ്ഥാനത്ത് 16000 ലിറ്റർ/സെക്കന്റ് ഡിസ്ചാർജ്ജ്

ചെയ്യുമായിരുന്നുള്ളൂ. അവിടെ ആഴവും വീതിയും കൂട്ടി ജലനിർഗ്ഗമന സ്രോതസ്സുകൾ വൃത്തിയാക്കിയപ്പോൾ കുട്ടനാട്ടിലെ ജലം ഇത്തവണ നിയന്ത്രിക്കാൻ സാധിച്ചു. അതിരൂക്ഷമായി ജലം വന്നാൽ ഈ കൺട്രോളിൽ നിൽക്കണമെന്നില്ല. അതുകൊണ്ട് പമ്പ, അച്ചൻകോവിലാർ, മണിമലയാർ എന്നീ നദികളുടെ തീരസംരക്ഷണവും ആഴവും വീതിയുമെല്ലാം ക്ലീയർ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിന് ശ്രമകരമായൊരു പദ്ധതിയാണ് ആവശ്യമായിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിലൂടെ അത് കൊണ്ടുവന്നിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ തുടർന്നുവരികയാണ്. അത് കുട്ടനാടിന്റെയും പ്രത്യേകിച്ച് ഒരു പ്രദേശത്തിന്റെതന്നെ നിലനിൽപ്പിന് സഹായകമാകുന്നതാണ്. ഗവൺമെന്റ് അത് നല്ല നിലയിൽ കൊണ്ടുവരുന്നുവെന്നാണ് അറിയിക്കാനുള്ളത്.

മി.സ്പീക്കർ: നിരവധി എം.എൽ.എ.-മാർ ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടിരുന്നു. പക്ഷേ സമയപരിമിതിമൂലം സാധിക്കുന്നില്ല.

തെരുവുനായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവെയ്പും

2 (*62) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതിയുടെയും പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതിയുടെയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) വാക്സിന്റെ കുറവും ജീവനക്കാരുടെ അഭാവവും പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) തെരുവുനായ്ക്കളെ കുത്തിവെയ്ക്കാൻ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കെടുക്കേണ്ട വാക്സിൻ ലഭിക്കുന്നില്ലെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിരോധ കുത്തിവെയ്പുമായി ബന്ധപ്പെട്ട പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, (എ) സംസ്ഥാനത്ത് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (ABC) നടപ്പിലാക്കുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിന്

ഇല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നേരിട്ട് പദ്ധതി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, മൃഗപരിപാലകർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്ത് 18 കേന്ദ്രങ്ങളിൽ അനിമൽ ബർത്ത് കൺട്രോൾ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2022 ഏപ്രിൽ മുതൽ നാളിതുവരെ 9001 എ.ബി.സി., ഈ കേന്ദ്രങ്ങളിൽ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 37 എ.ബി.സി. സെന്ററുകൾ പ്രവർത്തിപ്പിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നഗരസഭകൾ മുഖേന 01-09-2022 മുതൽ 14-11-2022 വരെ 3285 നായ്ക്കളുടെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ മുഖേന 1014 തെരുവുനായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്. അഞ്ച് കോർപ്പറേഷനുകളിൽ എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു. കോർപ്പറേഷനുകൾ മുഖേന 2016 മുതൽ 30-08-2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

പേവിഷബാധ നിർമ്മാർജനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണവകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് സെപ്തംബർ 20 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഹോട്ട് സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുതലത്തിൽ കണ്ടെത്തിയിട്ടുണ്ട്. സൗജന്യമായി വാക്സിൻ മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്തംബർ 20 മുതൽ നാളിതുവരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള ജന്തുരോഗനിയന്ത്രണ പദ്ധതിയുടെ ഓഫീസിൽനിന്നാണ് പേവിഷ പ്രതിരോധ കുത്തിവെയ്പ്പിനുള്ള വാക്സിൻ വാങ്ങുന്നത്. റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് വാക്സിൻ സംഭരിക്കുന്നത്. ഇപ്രകാരം 2022-23 വർഷം 1006960 ഡോസ് വാക്സിൻ സംഭരിച്ചിട്ടുണ്ട്. ആയതിൽനിന്ന് 472608

ഡോസ് വാക്സിൻ ചെലവഴിച്ചിട്ടുണ്ട്. 534352 ഡോസ് വാക്സിൻ ബാക്കിയുണ്ട്. സംസ്ഥാനത്തെ മൃഗാശുപത്രികൾ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് പേവിഷ പ്രതിരോധ വാക്സിൻ ദൗർലഭ്യമില്ല. പേവിഷ നിയന്ത്രണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണവകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ മുഖാന്തരം 506 ഡോഗ് ക്യാച്ചർമാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ വളർത്തുനായ്ക്കളുടെ പ്രതിരോധ കുത്തിവെപ്പ് കാര്യക്ഷമമായി നടന്നുവരുന്നു. ആയതിന് പ്രത്യേക ചെലവുകൾ വരുന്നില്ല.

(സി) ജീവനക്കാർക്ക് എടുക്കേണ്ട പ്രതിരോധ വാക്സിൻ ലഭിക്കുന്നില്ലെന്നുള്ള പരാതി ഇതുവരെയുണ്ടായിട്ടില്ല. നിലവിൽ തെരുവുനായ്ക്കളുടെ വന്ധീകരണവുമായി പ്രവർത്തിച്ചുവരുന്ന എല്ലാ ജീവനക്കാർക്കും ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ വാക്സിൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 0, 7, 21 എന്നീ ദിവസങ്ങളിലുള്ള പ്രതിരോധ കുത്തിവെയ്പ്പ് പൂർത്തിയായവരെ മാത്രമാണ് ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് നിയോഗിച്ചിട്ടുള്ളത്.

(ഡി) മൃഗസംരക്ഷണ വകുപ്പ് റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം,

പ്രതിരോധ കുത്തിവയ്പ് നടത്തിവരുന്നു. പ്രതിരോധ കുത്തിവയ്പുകൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പ്രതിസന്ധികൾ ഇല്ല.

ശ്രീ. പി. ഉബൈദുള്ള: സർ, മനുഷ്യരുടെ സ്വൈര്യജീവിതത്തിനും സുരക്ഷയ്ക്കും ഗുരുതര ഭീഷണിയുയർത്തുന്ന വിധത്തിൽ തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. തെരുവുനായ്ക്കൾ സംഘടിതരായിട്ടാണ് പലപ്പോഴും അക്രമം അഴിച്ചുവിടുന്നത്. ഒരു നായ കുരച്ചാൽ മറ്റുള്ള നായ്ക്കൾ കൂടെച്ചേർന്ന് മനുഷ്യർക്കുനേരെ പാഞ്ഞടുക്കുന്നു. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽവച്ച് എനിക്കൊരു അനുഭവമുണ്ടായി.

മി. സ്പീക്കർ: അനുഭവം പിന്നീട് പറയാം. അങ്ങ് ചോദ്യത്തിലേയ്ക്ക് വരണം.

ശ്രീ. പി. ഉബൈദുള്ള: സർ, ഒരു വിദ്യാർത്ഥിക്കുനേരെ നാലഞ്ച് നായ്ക്കൾ ഒരുമിച്ച് കുരച്ചുചാടി ആ കുട്ടിയെ കടിച്ചുകീറാൻ ശ്രമിക്കുകയാണ്. ആളുകൾ ആട്ടിയോടിച്ചതുകൊണ്ട് ആ കുട്ടിയുടെ ബ്ലൗസിലാണ് കടി കിട്ടിയത്, ശരീരത്തിൽ കടിയേറ്റില്ല. ഇങ്ങനെയുള്ള ധാരാളം അനുഭവങ്ങളുണ്ടായിട്ടുണ്ട്. പ്രസ്തുത വിഷയം ഈ സഭയിൽത്തന്നെ

പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. നായകളുടെ ആക്രമണത്തിൽ ഭയന്നോടി വാഹനത്തിന്റെ അടിയിൽപ്പെട്ടും നായ്ക്കളുടെ കടിയേറ്റും മരിച്ച ഒട്ടേറെ സംഭവങ്ങളുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ തെരുവുനായ്ക്കളുടെ അസാധാരണമായ വർദ്ധനവിന്റെ കാരണങ്ങളെ സംബന്ധിച്ച് സർക്കാർ വിശദമായ പഠനം നടത്തിയിട്ടുണ്ടോ; തെരുവുനായ്ക്കളുടെ നിയന്ത്രണം ഫലപ്രദമാണെങ്കിൽ അത്തരമൊരു പഠനത്തിന്റെ അനിവാര്യത കണക്കിലെടുത്ത് വിശദപഠനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കോവിഡ് 19 കാലഘട്ടത്തിലാണ് തെരുവുനായ്ക്കൾ ഇത്രയധികം വർദ്ധിക്കാനിയായത്. കേരളത്തിൽ കുടുംബശ്രീ മുഖേനയായിരുന്നു തെരുവുനായ്ക്കളുടെ നിയന്ത്രണം കൊണ്ടുവന്നത്. കോടതിവിധിയെത്തുടർന്ന് കഴിഞ്ഞ രണ്ടുവർഷമായി അതിന്റെ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്നതുകൊണ്ടാണ് തെരുവുനായ്ക്കളുടെ എണ്ണം ഇത്രയധികം വർദ്ധിക്കാനിടയായത്. ഇപ്പോൾ വളരെ കൃത്യമായി ആവശ്യമുള്ള വാക്സിൻ കൊടുക്കുന്നുണ്ട്. ആ വാക്സിന്റെ എണ്ണത്തിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ കൂടുതൽ എ.ബി.സി. കേന്ദ്രങ്ങൾ കൊണ്ടുവരാനുള്ള പ്രവർത്തനത്തിലേയ്ക്ക് പോകുകയാണ്.

പരമാവധി വന്ധ്യംകരണം കൊണ്ടുവരികയെന്നുള്ള വലിയ ലക്ഷ്യമാണ് സർക്കാരിന്റെ മുന്നിലുള്ളത്. പരമാവധി പഞ്ചായത്തുകളുമായി സംഘടിപ്പിച്ചുകൊണ്ട് എ.ബി.സി. സെന്ററുകൾ തുടങ്ങുകയും കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും വന്ധ്യംകരണ പ്രക്രിയ ഉൾപ്പെടെ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ എണ്ണം ഞാനിവിടെ പറഞ്ഞതാണ്. തെരുവുനായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കാനുള്ള ഒരു പ്രവർത്തനത്തിലേയ്ക്ക് സർക്കാർ പോകുകയാണ്. കഴിഞ്ഞ സെപ്തംബർ മാസത്തിൽ ഇതിന്റെ ക്യാമ്പയിൻ തുടങ്ങിയതാണ്. അന്ന് കേരളത്തിൽ തെരുവുനായ്ക്കളുടെ കടിയേറ്റ 8355 പേർക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ട്. ഒക്ടോബർ മാസത്തിലെ കണക്ക് പരിശോധിച്ചപ്പോൾ അത് 7542 ആയി കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ വളരെ സുഗമമായ നിലയിൽ വാക്സിൻ കൊടുക്കുന്നുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് രോഗം ബാധിക്കുമ്പോഴോ വാർദ്ധക്യമാകുമ്പോഴോ തെരുവിൽ ഉപേക്ഷിക്കുന്ന രീതി നിലവിലുണ്ട്. ഇത് തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കാൻ കാരണമാകുകയും അവ കൂടുതൽ അക്രമസ്വഭാവം പ്രകടിപ്പിക്കുന്നതായും കാണാൻ സാധിക്കും.

ഇത് തടയാൻ ലൈസൻസ് കർശനമാക്കുമെന്നും തിരിച്ചറിയൽ ചിപ്പ് ഘടിപ്പിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചിരുന്നു. എത്ര കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി നടപ്പിലാക്കി; ഏതെങ്കിലും പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്നത്തേയ്ക്ക് ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കാനാകും?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, വളർത്തുമൃഗങ്ങളിൽ ചിപ്പ് ഘടിപ്പിക്കുന്ന കാര്യം ആലോചിച്ചുവരുന്നുണ്ട്. വീടുകളിൽ വളർത്തുന്ന നായ്ക്കൾക്ക് ഇപ്പോൾ വാക്സിൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. തെരുവുനായ്ക്കളെ പിടിക്കുന്നത് വളരെ ബുദ്ധിമുട്ടാണെങ്കിലും അഞ്ഞൂറിൽ കൂടുതൽ കാപ്ച്വർമാർക്ക് ട്രെയിനിംഗ് കൊടുത്തുകഴിഞ്ഞു. അവർ നായ്ക്കളെ പിടിച്ചുകൊണ്ട് വന്നതുകൊണ്ടാണ് ഇത്രയധികം നായ്ക്കൾക്ക് വാക്സിൻ കൊടുക്കാൻ സാധിച്ചത്. അതുകൊണ്ട് വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് വാക്സിൻ കൊടുക്കുമ്പോൾത്തന്നെ അവർക്കൊരു സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ട്. ആ സർട്ടിഫിക്കറ്റ് പഞ്ചായത്തുകളിൽ കൊടുത്താൽ അവർക്ക് ലൈസൻസ് കൊടുക്കാനുള്ള എല്ലാ നടപടികളും സർക്കാർ

ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതിയുടെ ഭാഗമായി എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള തീരുമാനമെടുത്തു. ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഇതുസംബന്ധിച്ച മീറ്റിംഗുകൾ നടന്നു. പലയിടങ്ങളിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. മലപ്പുറം ജില്ലാ പഞ്ചായത്തിൽ ഇതുസംബന്ധിച്ച യോഗത്തിനുശേഷം റവന്യൂ വകുപ്പിന്റെ ഉപയോഗശൂന്യമായ നാലര ഏക്കർ സ്ഥലം നൽകണമെന്ന് മഞ്ചേരി മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടു. അതിനായി ബഹുമാനപ്പെട്ട റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിമാരെ നേരിൽ കണ്ടെങ്കിലും ഇന്നുവരെ അതിന് അനുവാദം ലഭിക്കാത്തതുകൊണ്ട് മലപ്പുറം ജില്ലയിൽ എ.ബി.സി. കേന്ദ്രം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എ.ബി.സി. കേന്ദ്രം സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ റവന്യൂ ഭൂമിയുള്ളതുകൊണ്ടും അത് ഉപയോഗപ്രദമാണെന്നും മനസ്സിലാക്കിയതുകൊണ്ടാണ് ജില്ലാ പഞ്ചായത്ത് അങ്ങനെയൊരു തീരുമാനമെടുത്തത്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരെ നേരിട്ട് കണ്ട് ആവശ്യമുന്നയിച്ചിട്ടും നാളിതുവരെ യാതൊരു

തീരുമാനവുമുണ്ടായില്ല. അപ്പോൾ ഗവൺമെന്റ് ഇക്കാര്യത്തിൽ എത്രമാത്രം അനാസ്ഥ കാണിക്കുന്നുവെന്നതിന്റെ തെളിവായിട്ടാണ് ഞാനിത് ചൂണ്ടിക്കാണിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായി അനുവാദം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കേരളത്തിൽ മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകളിലാണ് എ.ബി.സി. സെന്റർ ആരംഭിക്കാൻ സാധിക്കാത്തത്. പത്തനംതിട്ടയിൽ വലിയൊരു സെന്റർ സ്ഥാപിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലം കണ്ടെത്തിയെങ്കിലും അവിടെയുള്ള ആളുകൾ അതിനെ ശക്തമായി എതിർക്കുകയാണ്. അതുപോലെയാണ് മലപ്പുറത്തെകാര്യം ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീതലങ്ങളിൽ പരമാവധി സെന്ററുകൾ കൊണ്ടുവരാനും എം.എൽ.എ.-മാരുടെ സഹായം ആവശ്യമാണ്. എ.ബി.സി. സെന്ററുകൾ ആരംഭിക്കാനായി പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്. എല്ലാസ്ഥലത്തും അതിനുള്ള സൗകര്യം

കണ്ടുപിടിക്കണം. ഇപ്പോൾ കൊല്ലത്ത് ആറോ ഏഴോ സെന്ററുകളുണ്ട്. മലപ്പുറത്ത് തിരൂരിൽ ഒരു സെന്റർ സ്ഥാപിക്കാനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, കോട്ടയം ഉൾപ്പെടെയുള്ള ജില്ലകളിൽ 38 സെന്ററുകൾ ആരംഭിക്കാനുള്ള എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഓരോ സെന്ററിലും എ.സി. ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും വേണം. പഞ്ചായത്തുകൾ അതിനുള്ള സംവിധാനം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 18 സെന്ററുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് പരമാവധി മണ്ഡലങ്ങളിലും പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിന് എം.എൽ.എ.-മാരുടെ സഹകരണമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, റാബിസിനെതിരെയുള്ള വാക്സിൻ നൽകിയതിനുശേഷവും നായ്ക്കളുടെ കടിയേറ്റ് മരണമടഞ്ഞ കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുകൊണ്ട് ജനങ്ങൾ വളരെയധികം ആശങ്കയിലാണ്. സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ക്വാളിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായ വാക്സിനും

സിറവുമാണ് നായ്ക്കളിൽനിന്നുള്ള കടിയേറ്റ് ആശുപത്രികളിലെത്തിയവർക്കും മരണമടഞ്ഞവർക്കും നൽകിയതെന്നാണ് സർക്കാരും പറയുന്നത്. ഇത് കൂടുതൽ ആശങ്ക വർദ്ധിപ്പിച്ചിട്ടേയുള്ളൂ. ഈ സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, സംസ്ഥാനത്ത് ജനുവരി മാസം മുതൽ ഇതുവരെ തെരുവുനായ്ക്കളുടെ കടിയേറ്റ് 24 മരണങ്ങളാണ് നടന്നിട്ടുള്ളത്. ആരോഗ്യ വകുപ്പുമന്ത്രിതന്നെ ഇക്കാര്യം നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഇതിൽ ആറുപേർ മാത്രമാണ് പേവിഷ ബാധയ്ക്കെതിരായിട്ടുള്ള ഐ.ഡി.ആർ. വാക്സിനും (Intra-Dermal Rabies Vaccine) Immunoglobulin-ഉം എടുത്തിട്ടുള്ളത്. സർക്കാർ നിയോഗിച്ച സമിതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ വാക്സിനുകൾ ഗുണനിലവാരമുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത് പരമാവധി ആളുകളിലേയ്ക്കെത്തിക്കുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ചില പ്രത്യേക സമയങ്ങളിലും കാലഘട്ടങ്ങളിലുമാണ് തെരുവുനായ്ക്കൾ കൂടുതലായി നാട്ടിലിറങ്ങുകയും ജനങ്ങളെ കടിക്കുകയും അപകടവും മരണവുമൊക്കെ സംഭവിക്കുന്നത്. അന്നുമുതലാണ് ഇതിനെക്കുറിച്ച് ചിന്തിക്കുന്നതും അതുസംബന്ധിച്ച് വലിയ കോലാഹലങ്ങളൊക്കെ നടക്കുന്നതും. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സ്ഥാനാരോഹണം ചെയ്ത ദിവസങ്ങളിലാണ് ഇതുസംബന്ധിച്ച് വലിയ ചർച്ച നാട്ടിലുണ്ടാവുകയും അതിന് അദ്ദേഹത്തിന് മറുപടി പറയേണ്ടിവന്ന അവസ്ഥയുണ്ടാവുകയും ചെയ്തത്. തെരുവുനായ്ക്കളുടെ ശല്യം കുറയ്ക്കുന്നതിന് സ്ഥിരമായൊരു സംവിധാനം ഉപയോഗപ്പെടുത്തണം. തൃശ്ശൂർ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഓരോ പഞ്ചായത്തുകളിലേയും തെരുവുനായ്ക്കളെ ആംബുലൻസുകളിൽ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി അവയെ നാലഞ്ച് ദിവസം സുരക്ഷിതമായി അതിൽത്തന്നെ താമസിപ്പിച്ച് പ്രയാസങ്ങളൊന്നുമില്ലാതെ പുറത്തേയ്ക്കു വിടുന്നതിനുള്ളൊരു യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമുന്നയിച്ചെങ്കിലും നാളിതുവരെ അനുവാദം നൽകിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ഒരു

മൊബൈൽ വാഹനം മാത്രമാണെന്നുപറഞ്ഞ് നിരസിക്കുകയും സംസ്ഥാന സർക്കാർ അതിന് പ്രചോദനം നൽകാതിരിക്കുകയും ചെയ്ത അവസ്ഥയുണ്ട്. കുടുംബശ്രീയിൽ അത്തരം സ്റ്റാർട്ടപ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചുകൊണ്ട് അത് പരിഹരിക്കാനുള്ള നിലപാടുകൾ സ്വീകരിക്കാൻ കഴിയുമോ; എ.ബി.സി.-ഇ.എൽ.ഡി. പ്രോഗ്രാമുകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നവിധത്തിൽ ബ്ലോക്കുതലത്തിൽ രണ്ടോ മൂന്നോ വെറ്ററിനറി ഹോസ്പിറ്റലുകൾ നവീകരിച്ച് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സ്ഥിരം സംവിധാനങ്ങളും മതിയായ വെറ്ററിനറി ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിച്ചാൽ അതൊരു സ്ഥിരം സംവിധാനമായി ഉപയോഗപ്പെടുത്തിയാൽ ഈ പ്രത്യേക കാലഘട്ടത്തിൽ പ്രയാസപ്പെടാത്ത അവസ്ഥയിലേയ്ക്ക് പോകാൻ കഴിയും. അതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, തൃശ്ശൂർ വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ നിലവിൽ ഇത്തരം പ്രശ്നങ്ങളൊന്നുമില്ല. അവിടെ ഇത്തരത്തിൽ ആംബുലൻസ് സൗകര്യം കൊണ്ടുവന്നാൽ അതിനുള്ളിൽവച്ച് ശസ്ത്രക്രിയ നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ, ശസ്ത്രക്രിയ നടത്തുന്ന

നായ്ക്കളെ ആംബുലൻസിൽ നിന്നും പ്രത്യേക കൂടുകളിലേയ്ക്ക് നാലോ അഞ്ചോ ദിവസം മാറ്റി പാർപ്പിച്ചശേഷം അവയ്ക്ക് മറ്റ് ബുദ്ധിമുട്ടുകളൊന്നുമില്ലെന്ന് ബോദ്ധ്യമായ ശേഷമാണ് അവയെ തുറന്നുവിടുന്നത്. അതിനുള്ള സജ്ജീകരണങ്ങളൊരുക്കിയെങ്കിൽ വാഹനത്തിനുള്ളിൽത്തന്നെ ശസ്ത്രക്രിയ നടത്താൻ സാധിക്കും. ഈ രീതിയിലാണ് കേരളത്തിൽ കുടുംബശ്രീ മുഖേന വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിരുന്നത്. ഓരോ ശസ്ത്രക്രിയ കഴിയുമ്പോഴും നായ്ക്കളെ മാറ്റാനുള്ള കൂട് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ അവർക്കുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് അഞ്ചുദിവസത്തോളം ഇവയെ മാറ്റി പാർപ്പിച്ചശേഷമാണ് പുറത്തേയ്ക്ക് വിടുന്നത്. പ്രസ്തുത നടപടി പുനരാരംഭിക്കാൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട കോടതിയോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ മാത്രമെ, മുൻ കാലങ്ങളിൽ കേരളത്തിൽ നടത്തിയതുപോലെ കൂടുതൽ വന്ധ്യംകരണം ശസ്ത്രക്രിയ നടപ്പിലാക്കുവാനും തെരുവുനായ്ക്കളുടെ എണ്ണം കുറച്ചുകൊണ്ടുവരാനും സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, എല്ലാ ബ്ലോക്കുകളിലും എ.ബി.സി.-ഇ.എൽ.ഡി. സെന്ററുകൾ ആരംഭിക്കാൻ സാധിക്കുകയില്ല. പഞ്ചായത്തുകളിൽ നിലവിൽ മൃഗാശുപത്രികളുണ്ട്.

അവിടെയുള്ള ജില്ലാ സെന്ററുകളിൽ ഇതിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ബാക്കിയുള്ള സൗകര്യമൊരുക്കുന്ന മുറയ്ക്ക് അത്തരത്തിലുള്ള ശസ്ത്രക്രിയാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഡോക്ടർമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിക്കുന്ന കാര്യവും ആലോചിക്കുന്നതാണ്.

വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പ് ഏർപ്പെടുത്തുന്ന ഇൻഷ്വറൻസ്

(*63) ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) വന്യജീവി ആക്രമണത്തിനിരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കാൻ ഇൻഷ്വറൻസ് കമ്പനി ഓഗസ്റ്റിൽ വനം വകുപ്പിന് കത്തയച്ചെങ്കിലും പ്രീമിയം തുക വർദ്ധിപ്പിച്ച

സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരുന്നോ; എങ്കിൽ ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ പുനരാരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ&ബി) വന്യജീവി ആക്രമണത്തിനിരയാകുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 14-03-2019-ലെ സ.ഉ (കൈ) 12/1995/വനം ഉത്തരവുപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. (അപകട മരണത്തിന് ഒരു ലക്ഷം രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് ഇരുപത്തി അയ്യായിരം രൂപയും ആശുപത്രി വാസത്തിന് അയ്യായിരം രൂപയും) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. പ്രീമിയം തുക വർദ്ധിപ്പിച്ച സാഹചര്യത്തിലാണ് ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിട്ടുള്ളതും കേന്ദ്രസർക്കാർ പദ്ധതി ഉപയുക്തമാക്കുവാൻ ധനവകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ, കേന്ദ്രസർക്കാർ പദ്ധതിയിലെ ഗുണഭോക്താക്കളുടെ പ്രായപരിധി 18 വയസ്സുമുതൽ 50

വയസ്സുവരെ മാത്രമാണെന്നും ഗുണഭോക്താക്കളുടെ ആശുപത്രി ചെലവുകൾക്ക് ഈ പദ്ധതി കവറേജ് നൽകുന്നില്ലെന്നതും ഒരു പോരായ്മയായി കണ്ടതിനാൽ വനം വകുപ്പിന്റെ ഇൻഷ്വറൻസ് പ്രായപരിധിയില്ലാതെ കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആയതിനാലും ടി ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ ഗുണകരമായ വിധത്തിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

(സി&ഡി) പ്രീമിയം തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിട്ടുള്ളതും കേന്ദ്ര സർക്കാർ പദ്ധതി (PMJJVY) ഉപയുക്തമാക്കുവാൻ ടി വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി കേന്ദ്ര സർക്കാർ പദ്ധതിയിലെ ഗുണഭോക്താക്കളുടെ പ്രായപരിധി 18 വയസ്സ് മുതൽ 50 വയസ്സ് വരെ മാത്രമാണെന്നതും ഗുണഭോക്താക്കൾക്ക് ആശുപത്രി ചെലവുകൾക്ക് ടി പദ്ധതി കവറേജ് നൽകുന്നില്ലെന്നതും പോരായ്മകളായതിനാലും വനം വകുപ്പിന്റെ ഇൻഷ്വറൻസ് പ്രായപരിധിയില്ലാതെ കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമായതിനാലും ടി ഇൻഷ്വറൻസ് പദ്ധതി

വിപുലീകരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ ഗുണപ്രദമായ രീതിയിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

<u>ശ്രീമതി ഉമ തോമസ്:</u> സർ, വനം-വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ ആറ് വർഷത്തിനിടെ 735 പേർ മരണപ്പെടുകയും ഒട്ടനവധിപേർക്ക് പരിക്കേൽക്കുകയും നിരവധി കന്നുകാലികൾ ഉൾപ്പെടെ വളർത്തുമൃഗങ്ങൾ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒന്നര മാസത്തിനകം അഞ്ച് പേർ കാട്ടാന ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. വനനശീകരണത്തിലൂടെ ആവാസവ്യവസ്ഥ നഷ്ടപ്പെട്ട മൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലിറങ്ങി മനുഷ്യവാസം ദുസ്സഹമാക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. ആദിവാസി മേഖലകളിൽ മാത്രമല്ല, മറ്റു നഗരപ്രദേശങ്ങളിലും മൃഗങ്ങളുടെ സാന്നിദ്ധ്യം കാണപ്പെടുന്നത് ഭയാശങ്കകളുണ്ടാക്കുന്നു. ഇതിന് സർക്കാർതലത്തിൽ എന്ത് പ്രതിവിധിയാണ് ചെയ്യുന്നതെന്ന് അറിയാനാഗ്രഹമുണ്ട്. വന്യജീവി ആക്രമണത്തിന് വിധേയമാകുന്നവർ മരണപ്പെട്ടാൽ സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. എന്നാൽ ഈ സഹായം ലഭ്യമാകുന്നതിന്

കാലതാമസമുണ്ടാകുന്നത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമായി സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ, ഇന്നത്തെ വിഷയം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പരിരക്ഷയെക്കുറിച്ചുള്ളതാണ്. മനുഷ്യ-വന്യജീവി ആക്രമണത്തിന്റെ കാര്യത്തിലും മറ്റുതരത്തിലുള്ള അപകടങ്ങൾക്കും സഹായം നൽകേണ്ടതാണെന്ന നിർദ്ദേശം ശരിയാണ്. അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതിമൂലം വന്യജീവി ആക്രമണത്തിന് നൽകിവരുന്ന നഷ്ടപരിഹാരം കൊടുക്കുന്നതിൽ കാലതാമസമുണ്ടായിരുന്നു. എന്നാലിപ്പോൾ അതിനൊരാശ്വാസം കണ്ടുതുടങ്ങിയിട്ടുണ്ട്. പഴയ കുടിശ്ശികകൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി ഉമ തോമസ്: സർ, അങ്ങ് പറഞ്ഞതുപോലെ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരെ മാത്രം നോക്കിയല്ല വന്യമൃഗങ്ങൾ ആക്രമിക്കുന്നതെന്നുള്ളതുകൊണ്ടാണ് ഞാൻ അങ്ങനെയൊരു ചോദ്യമുന്നയിച്ചത്. വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും വന്യജീവികളുടെ ആക്രമണത്തിന് വിധേയമാകുന്ന ആളുടകളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ആയതിനാൽ വന്യജീവികൾ ജനവാസമേഖലയിൽ കടന്നു കയറുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ ഉചിതമല്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിന് ശാസ്ത്രീയമായൊരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം ഇന്ന് ടൂറിസം മേഖലയായ ഇടുക്കിയിൽ 'പടയപ്പ' എന്ന ആനയുടെ ആക്രമണം വളരെയധികം വർദ്ധിച്ചുവരികയാണ്. ഇതിന് ആധുനികരീതിയിലുള്ള ചിപ്പ് ഘടിപ്പിച്ച് ജനങ്ങൾക്ക് അതിന്റെ സഞ്ചാരമേഖല മനസ്സിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ധാരാളം ഉപചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. ഏതിനൊക്കെ മറുപടി പറയണമെന്നറിയില്ല. ഏറ്റവും അവസാനം പടയപ്പ എന്ന

ആനയെക്കുറിച്ചുള്ള ചോദ്യമാണ് ചോദിച്ചിരിക്കുന്നത്. വന്യജീവികൾക്ക് ചിപ്പ് ഘടിപ്പിച്ച് അവരുടെ സഞ്ചാരപഥം മനസ്സിലാക്കി അത് തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ഒരാവശ്യമെന്ന് എനിക്ക് തോന്നുന്നു. തീർച്ചയായും ആ ദിശയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ സാമാന്യം തൃപ്തികരമായി നടക്കുന്നുണ്ട്. എന്നാൽ, വന്യജീവി ആക്രമണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുത ഞാൻ നിഷേധിക്കുന്നില്ല. അതിന്റെ ഫലമായി ജനങ്ങൾ ഭീതിയിലാണ്. അവിടെയുള്ള ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ പരിപാടികൾ ഏതാണെന്ന് കണ്ടെത്തി അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ആദിവാസികൾക്കെതിരെയുള്ള ധാരാളം അക്രമങ്ങളുണ്ടാവുകയാണ്. അവരക്കെതിരായ ആക്രമണം വന്നുകഴിഞ്ഞാൽ സ്വതസിദ്ധമായ പ്രതികരണമുണ്ടാവുകയും അവർക്കെതിരെ കേസെടുക്കുകയും ചെയ്യും. പക്ഷെ, ആ കേസിന്മേലുള്ള തുടർനടപടി സംബന്ധിച്ച് പരിശോധിച്ചാൽ ടി കേസുകളൊന്നും പ്രൊസീഡ് ചെയ്തിട്ടില്ലെന്ന് മനസ്സിലാകും. വന്യമൃഗങ്ങൾക്ക് ചിപ്പ്

ഘടിപ്പിക്കുന്നതിനെപ്പറ്റി ശ്രീമതി ഉമ തോമസ് ഇവിടെ ഒരു ചോദ്യം ചോദിച്ചല്ലോ; കൊലകൊല്ലി ആനയ്ക്ക് ചിപ്പ് ഘടിപ്പിക്കാൻ അങ്ങേയ്ക്ക് പോകാൻ സാധിക്കുമോ; ആർക്കെങ്കിലും അതിന് സാധിക്കുമോ; പ്രാക്ടിക്കലായിട്ടുള്ള ചില നടപടികളാണ് ഇക്കാര്യത്തിൽ വേണ്ടത്. ആനത്താരയിൽ കയറി വീടുവച്ചിട്ട് ആ വീട് തകർക്കുന്നുവെന്നുപറയുന്ന പോലുള്ള ഒരാക്ഷേപം സാധാരണവരാറുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ആദിവാസികൾക്കുനേരെയുള്ള അക്രമമാണ് പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ആദിവാസികൾക്ക് എല്ലാ സംരക്ഷണവും കൊടുക്കുമെന്ന് പലവട്ടം നമ്മൾ പറഞ്ഞിട്ടുണ്ട്. അവർക്ക് ഭക്ഷണം കൊടുക്കുന്തോറും അവിടെ പട്ടിണി മരണങ്ങളും കൂടുകയാണ്. അവിടെ ശിശുമരണം നടക്കുകയാണ്. അങ്ങ് ഇപ്പോൾ അങ്ങനെയൊന്നും ഇല്ലെന്ന് പറയാനാണ് രണ്ടുവശവും നോക്കുന്നതെന്ന് എനിക്കറിയാം. യഥാർത്ഥത്തിൽ ശിശുമരണം നടക്കുകയല്ലേ; അട്ടപ്പാടി മാത്രം എടുത്തുനോക്കൂ. ആദിവാസികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണ്ടേ; ഇത് ഈ സഭയുടെ പൊതുവായിട്ടുള്ള അഭിപ്രായമായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

അതിനുവേണ്ടി വളരെ കൃത്യമായ നടപടിയെടുത്ത് ആദിവാസികളെ സംരക്ഷിക്കുന്നതിനുവേണ്ടി മുന്നോട്ടുവരണം.

മി. സ്പീക്കർ: ഈ ചോദ്യം ഔട്ട് ഓഫ് സിലബസാണ്. ഔട്ട് ഓഫ് സിലബസ് ചോദ്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വന്യജീവികളുടെ ആക്രമണം..... (.....മൈക്ക് ഓഫ്.....)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശരി, അങ്ങയുടെ ചോദ്യം ഞാൻ ശ്രദ്ധിച്ചുകേട്ടു. അങ്ങേയ്ക്ക് എന്തുപറ്റിയെന്നാണ് ഞാൻ ആലോചിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് എന്തുപറ്റിയെന്നാണ് എനിക്കും ചോദിക്കാനുള്ളത്. (.....മൈക്ക് ഓഫ്.....)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയോട് ചോദിക്കേണ്ട കാര്യങ്ങളാണ് ദൗർഭാഗ്യവശാൽ അങ്ങ് ഇവിടെ ചോദിച്ചുപോയത്. ചോദിക്കാൻ പാടില്ലായെന്നല്ല, ഇത് വനം-വന്യജീവി വകുപ്പുമന്ത്രിയോട് ചോദിക്കേണ്ട ചോദ്യമല്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ ഈ ചോദ്യം ഔട്ട്

ഓഫ് സിലബസാണ് എന്നുപറയാൻ കാരണം. അങ്ങയെപ്പോലെ പരിചയസമ്പന്നനായ ഒരാൾക്ക് എന്തുപറ്റിയെന്ന് എനിക്കറിയില്ല.

ശ്രീമതി കെ. കെ. രമ: സർ, വൻകിട കയ്യേറ്റക്കാരും റിസോർട്ട് മാഫിയകളും വനഭൂമി കയ്യേറുന്ന സംഭവം വർദ്ധിച്ചുവരികയാണ്. ഇത്തരക്കാർ ജലലഭ്യത ഉറപ്പുവരുത്തുന്ന പ്രദേശങ്ങളാണ് ഏറിയ പങ്കും കയ്യേറ്റത്തിനെടുക്കുന്നത്. ഇത്തരക്കാർ ജലസ്രോതസ്സുകളും പുറമ്പോക്കുകളും സമീപപ്രദേശങ്ങളും വൻഫെൻസിംഗുകൾ കെട്ടി അതിർത്തികളാക്കി തിരിക്കുന്ന പതിവുണ്ട്. ഇത് വന്യമൃഗങ്ങൾക്ക് വെള്ളം കുടിക്കാനും അവരുടെ സഞ്ചാര സ്വാതന്ത്ര്യത്തിനും തടസ്സം സൃഷ്ടിക്കുന്നുണ്ടെന്നും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നതിനും അക്രമകാരികളാകുന്നതിനും കാരണമാകുന്നുണ്ടെന്നാണ് സമീപവാസികൾ പറയുന്നത്. ഇത് തടയുന്നതിനാവശ്യമായ എന്തെങ്കിലും പഠനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ടോ; അതുപോലെത്തന്നെ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി വന്യമൃഗങ്ങളുടെ ശല്യം വൻതോതിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് തടയുന്നതിനായി എന്തൊക്കെ പഠനങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: വർദ്ധിച്ചുവരുന്ന വന്യജീവി-മനുഷ്യസംഘർഷം തടയേണ്ടതിന്റെ അനിവാര്യകതയിലേയ്ക്കാണ് ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ ഏതാനും മാസങ്ങളായി വന്യജീവികളുടെ അക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വനത്തിനകത്തുനിന്നും മൃഗങ്ങൾ പുറത്തുവരാതിരിക്കാനുള്ള സംരക്ഷണ നടപടികളാണ് സ്വീകരിക്കേണ്ടതെന്നാണ് ഇതുസംബന്ധിച്ച് പരിശോധന നടത്തിയിട്ടുള്ളവർ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി മൂന്ന് പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് അവർ മുന്നോട്ടുവച്ചിരിക്കുന്നത്. ഒന്ന്, വനത്തിനകത്തുതന്നെ ജലലഭ്യത ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക; രണ്ട്, വനത്തിനകത്ത് ലഭ്യമായ പ്രദേശങ്ങളിൽ വന്യജീവികൾക്ക് താല്പര്യമുള്ള തരത്തിലുള്ള വൃക്ഷങ്ങളും മറ്റു തൈകളും നട്ട് സമ്പന്നമാക്കുക, ആഹാരം ഉറപ്പുവരുത്തുക; മൂന്ന്, പുറത്തുവരാനുള്ള സാഹചര്യം നിലനിൽക്കുന്ന പ്രദേശങ്ങളിൽ വേലികളും ഫെൻസിംഗുകളും സോളാർ ഫെൻസിംഗുകളും കെട്ടി പരിധി കഴിഞ്ഞ് വന്യമൃഗങ്ങൾ

പുറത്തുവരുന്നത് തടയാൻ ശ്രമിക്കുക. പക്ഷെ നമ്മുടെ സംസ്ഥാനത്തെ ദൈർഘ്യമേറിയ വനമേഖലകൾ ഒറ്റയടിക്ക് ഫെൻസിംഗ്/ ഊർജ്ജവേലികൾ, റെയിൽവേ ഫെൻസിംഗ്, ആന മതിൽ കെട്ടി സംരക്ഷിക്കുകയെന്നത് ഒറ്റയടിക്ക് സാധിക്കുന്നൊരു കാര്യമല്ല. അതൊരു ബൃഹത് പദ്ധതിയാണ്. ടി പദ്ധതിക്ക് 650 കോടിയോളം രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആ പദ്ധതി കേന്ദ്രസർക്കാരിന് മുമ്പാകെയും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് മുമ്പാകെയും സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി അംഗീകരിച്ചാൽ മാത്രമെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. വനാതിർത്തികളിലെ കൃഷിരീതികളിൽ മാറ്റം വരുത്തി വന്യമൃഗങ്ങളെ ആകർഷിക്കുന്ന നടപടികളിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ ശ്രമിക്കണമെന്നതാണ് മറ്റൊരു നിർദ്ദേശം. അതൊക്കെ പ്രായോഗികമായി നടപ്പിലാക്കണമെങ്കിൽ അംസ്ലിയിൽ ചോദ്യം ചോദിച്ച് ഉത്തരം പറയുന്നത്ര എളുപ്പമായിരിക്കുമെന്ന് കരുതുന്നില്ല. വലിയ പ്രയാസങ്ങളുണ്ട്. എന്നാലും ഇക്കാര്യത്തിൽ ജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കി ഈ പരിപാടികൾ മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, 2021 ആഗസ്റ്റ് 30-ന് ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള പാലപ്പിള്ളി റേഞ്ചിൽ വച്ച് കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ പാലപ്പിള്ളി ഒഴുക്കപെറമ്പിൽ വീട്ടിൽ സൈനുദ്ദീന്റെയും ചുങ്കാൽ പോട്ടോക്കാരൻ വീട്ടിൽ പീതാംബരന്റെയും കുടുംബങ്ങൾക്ക് വനംവകുപ്പിന്റെ ധനസഹായം പൂർണ്ണമായും വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടവർക്കുള്ള ധനസഹായ കുടിശ്ശികകൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നേരത്തെ ചോദിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി നിയോജകമണ്ഡലത്തിലെ വിവിധ ജനവാസകേന്ദ്രങ്ങളിൽ പുലിയുടെ അക്രമം വർദ്ധിക്കുകയാണ്. ഇന്ന് വെളുപ്പിന് കലഞ്ഞൂർ പഞ്ചായത്തിലെ ഇഞ്ചപ്പാറ എന്ന സ്ഥലത്ത് ടാപ്പിംഗ് തൊഴിലാളിയായ വിജയനെ പുലി ആക്രമിക്കുകയുണ്ടായി. കഴിഞ്ഞ ആറ് ദിവസങ്ങളിൽ എല്ലാദിവസവും അവിടെ പുലിയുടെ ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ

പഞ്ചായത്തുകൂടിയാണിത്. അടിയന്തരമായി അവിടെ കൂട് സ്ഥാപിക്കുന്നതിനും ജനങ്ങൾക്ക് ആത്മവിശ്വാസം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ അവതരിപ്പിക്കുന്നുണ്ടെന്നാണ് കരുതുന്നത്. ഏതായാലും കഴിഞ്ഞ ഒരാഴ്ചയ്ക്കകം ഇന്നലെയും പത്തനംതിട്ട ജില്ലയിൽ മാത്രമല്ല ഇരിക്കൂർ പേരാവൂർ ഭാഗത്തൊക്കെ പുലി ഇറങ്ങിയിട്ടുണ്ട്. ഇത്തരം വാർത്തകൾ യഥാസമയം ശ്രദ്ധയിൽപ്പെടാറുണ്ടെങ്കിലും ഓരോ പ്രദേശത്തിന്റെയും സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് കൊണ്ടുമാത്രമെ (വെടിവച്ച് മാറ്റാൻ സാധിക്കുമോ മയക്കുവെടി നൽകണമോ, കൂട് വച്ച് പിടിക്കണമോ) തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. അത്തരം സാഹചര്യങ്ങളിൽ ആവശ്യമായ നടപടികൾ അനുമതിയില്ലാതെ തന്നെ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, വന്യജീവി അക്രമത്തിന് വിധേയരാകുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോയെന്നാണ് ചോദ്യത്തിന് ഫലത്തിൽ നിലവിലില്ലെന്നാണ് മറുപടിയായി ബഹുമാനപ്പെട്ട

മന്ത്രി പറഞ്ഞത്. കേരളത്തിലെ ആറളം ഏറ്റവും പ്രധാനപ്പെട്ട ആദിവാസി പുനരധിവാസ മേഖലയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഈയടുത്ത മാസങ്ങളിൽ മൂന്ന് ആളുകൾ ആനയുടെ ആക്രമണത്താൽ കൊല്ലപ്പെട്ടു. ബഹുമാനപ്പെട്ട മൂന്ന് മന്ത്രിമാർ അവിടെവന്ന് യോഗങ്ങൾ ചേരുകയും ആറളം ഫാമിൽ ആനപ്രതിരോധ മതിൽ നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. ആ തീരുമാനം നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാനും പ്രവൃത്തി ഫലപ്രദമായും സമയബന്ധിതമായും പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: തീർച്ചയായും. ചോദ്യം എന്തായിരുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർമാരെ ഓർമ്മിപ്പിച്ച കാര്യത്തിൽ എനിക്ക് ബഹുമാനപ്പെട്ട അംഗത്തിനോട് നന്ദിയുണ്ട്. താങ്കൾ മാത്രമാണ് ഈ വിഷയവുമായി ബന്ധപ്പെട്ട ചോദ്യമുന്നയിച്ചത്. അതിന് പ്രത്യേക അഭിനന്ദനങ്ങൾ. അങ്ങ് സൂചിപ്പിച്ചതുപോലെ ആറളം മേഖലയിൽ വന്യജീവി ആക്രമണം തടയുന്നതിനാവശ്യമായ നടപടികൾ സംബന്ധിച്ച് യോഗം ചേർന്നുവെന്നത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കഴിഞ്ഞയാഴ്ച ഇതുസംബന്ധിച്ച് പ്രത്യേക യോഗം വിളിച്ചുചേർത്ത് നിർദ്ദേശം

നൽകിയിട്ടുണ്ട്. അതിനുള്ള സാമ്പത്തിക അനുമതി നൽകുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

## ക്ഷീര കർഷകർക്ക് ഇൻസെന്റീവ്

(* 64) ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് നാല് രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് ഇൻസെന്റീവ് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ ഈ പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) 2022 ഏപ്രിൽ മാസത്തിലെ ഇൻസെന്റീവ് മാത്രമാണോ കർഷകർക്ക് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ പ്രഖ്യാപിച്ചതുപോലെ നാല് രൂപ നിരക്കിൽ ഒരു വർഷത്തെ ഇൻസെന്റീവ് ലഭ്യമാക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ;

(ഇ) ക്ഷീര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വാഗ്ദാനങ്ങൾ പാലിച്ചിരുന്നെങ്കിൽ മിൽമ പാലിന് വില വർദ്ധിപ്പിക്കാതെ

മുന്നോട്ടുപോകാൻ സാധിക്കുമായിരുന്നുവെന്നത് വസ്തുതയാണോയെന്ന് വ്യക്തമാക്കാമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ,

(എ) 2022 ജൂലായ് മാസം മുതൽ വർഷം മുഴുവനും സംസ്ഥാനത്ത് ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും അവർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) ക്ഷീരവികസന വകുപ്പ് മിൽക്ക് ഇൻസെന്റീവായി 2022 ജൂലൈ മാസത്തെ പാൽ അളവിന് ആഗസ്റ്റ് മാസത്തിൽ 23.44 കോടി രൂപ സർക്കാർ പ്രഖ്യാപിച്ചതിനനുസരിച്ച് ഓണത്തിന് മുമ്പായി 2 ലക്ഷത്തോളം വരുന്ന ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ക്ഷീരശ്രീ പോർട്ടൽ വഴി ഇൻസെന്റീവ് എത്തിച്ചിട്ടുണ്ട്. സമയക്കുറവുള്ളതുകൊണ്ട് ബാക്കി ഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ് +.

---

\+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, വർഷം മുഴുവനും ക്ഷീര കർഷകർക്ക് 4 രൂപ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നായിരുന്നു സർക്കാർ പ്രഖ്യാപിച്ചിരുന്നത്. പക്ഷെ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കേവലം ജൂലൈ മാസത്തിലെ (ഒരു മാസം) മാത്രം ഇൻസെന്റീവ് നൽകാനാണ് സർക്കാർ തുക വകയിരുത്തിയിരുന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. ബാക്കി ഈ വർഷം മുഴുവനും ഇൻസെന്റീവ് ക്ഷീരകർഷകന് ലഭ്യമാകാനുണ്ട്. അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടില്ല, ഫണ്ടും വകയിരുത്തിയിട്ടില്ല. സർക്കാർ നിയോഗിച്ച സമിതി തന്നെ ഒരു ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് ക്ഷീരകർഷകർക്ക് ഏകദേശം 9 രൂപയോളം നഷ്ടം സംഭവിക്കുന്നുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇപ്പോഴത്തെ വിലവർദ്ധവ് അപര്യാപ്തമാണ്. മാത്രമല്ല വിലവർദ്ധനവ് സാധാരണക്കാരന്റെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നാണ്. ക്ഷീരകർഷകർക്ക് ഇൻസെന്റീവ് കൃത്യമായി ലഭ്യമാകാതെ ഇത് ആദായകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ലെന്നിരിക്കെ സർക്കാർ പ്രഖ്യാപനം നടപ്പാക്കാൻ, 4 രൂപയുടെ ഇൻസെന്റീവ് കൃത്യമായി

കർഷകർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, തുക അനുവദിക്കുമെന്ന് പറഞ്ഞത് വളരെ കൃത്യമാണ്, കാരണം അത് നിയമസഭയിൽ പ്രഖ്യാപിച്ചതാണ്. ക്ഷീരവികസന വകുപ്പ് ഒരു രൂപയും പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഓരോ രൂപയും ചേർത്ത് 4 രൂപയാണ് ക്ഷീര കർഷകർക്ക് ജൂലൈ മുതൽ ഡിസംബർ വരെ (ഈ വർഷം അവസാനം) ഇൻസെന്റീവായി നൽകുമെന്ന് പറഞ്ഞത്. അതിലൊരു പ്രശ്നമുണ്ടായത്, ആദ്യത്തെ ഒരു മാസം അതായത്, ജൂലൈ മാസത്തെ നാല് രൂപ ഇൻസെന്റീവ് നൽകുന്നതിനായി ക്ഷീരവികസന വകുപ്പുതന്നെ 28 കോടി രൂപ മാറ്റിവച്ചിരുന്നു. ടി 28 കോടി രൂപയിൽ നിന്നും ഏകദേശം 10000 രൂപയ്ക്കകത്ത് 175270 കർഷകർക്കും 10000-നും 25000-നും രൂപയ്ക്കിടയ്ക്ക് 1197 കർഷകർക്കും 25000-നും 50000-നും രൂപയ്ക്കിടയ്ക്ക് 139 കർഷകർക്കും 50000-100000-നും രൂപയ്ക്കിടയ്ക്ക് 26 കർഷകർക്കും 100000-നും 200000-നും രൂപയ്ക്കിടയ്ക്ക് 2 കർഷകർക്കും 200000-നും 300000-നും രൂപയ്ക്കിടയ്ക്ക് 2 കർഷകർക്കും ഉൾപ്പെടെ 178636 കർഷകർക്ക് ക്ഷീരശ്രീ പോർട്ടൽ വഴി ഇൻസെന്റീവ് നൽകിയിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പ് ഇതിനായി കഴിഞ്ഞ വർഷം 90 കോടി രൂപയാണ് മാറ്റിവച്ചെങ്കിൽ ഇത്തവണ 130 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. ഡിസംബർ വരെയുള്ള ഓരോ മാസത്തെയും ഇൻസെന്റീവ് ക്ഷീരകർഷകർക്ക് നൽകുമെന്ന് സർക്കാർ ഉറപ്പുനൽകുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)